**5630/ഇ1/2016/കെ.എസ്.എച്ച്.ഒ** **08..03..2017**

# <u>സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനങ്ങൾ</u>

## <u>വിജ്ഞാപനം</u>

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) യിലെ ജില്ലാ ഓഫീസുകളിലുള്ള ഒഴിവുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനും പട്ടിക തയ്യാറാക്കുന്നതിനുമായി യോഗ്യരായ സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**കുടുംബശ്രീ ജില്ലാ മിഷനുകളിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ എന്ന തസ്തികയിലേയ്ക്കാണ് നിയമനം**. യോഗ്യതയുള്ള ജീവനക്കാർ കെഎസ്ആർ ചട്ടങ്ങൾ പ്രകാരം എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

### അസി.ജില്ലാമിഷൻ കോ–ഓർഡിനേറ്റർ

**ഒഴിവുകൾ:**

(ആലപ്പുഴ–2, ഇടുക്കി–2, തൃശൂർ–1, പാലക്കാട്–1, കോഴിക്കോട്–1, കണ്ണൂർ–2)
(ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായേക്കാം)

**ശമ്പള സ്കെയിൽ** : അപേക്ഷകർ 26500 – 56700 (പുതുക്കിയത്) ശമ്പള സ്കെയിലിലോ അതിനു മുകളിലോ ഇപ്പോൾ ജോലി ചെയ്ത് വരുന്നവരായിരിക്കണം.

കേന്ദ്രസർക്കാർ ജീവനക്കാർക്ക് ടി ശമ്പളസ്കെയിൽ ബാധകമല്ലാത്തതിനാൽ ടി സ്കെയിലിന് സമാനമായതോ അതിന് മുകളിലുള്ളതോ ആയ ശമ്പളസ്കെയിലുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

### യോഗ്യത

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- സംഘാടന പാടവവും, ദാരിദ്ര്യ നിർമ്മാർജ്ജന–തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുന്ന പ്രവർത്തന മേഖലകളിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം.

- കൃഷി, ഗ്രാമവികസന/ സാമൂഹികക്ഷേമ/പട്ടികജാതി-പട്ടികവർഗ്ഗ വികസന/ മത്സ്യ ബന്ധന വകുപ്പുകളിലെ ഓഫീസർമാർക്ക് മുൻഗണന.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- സാമൂഹിക വിഷയങ്ങളിലെ ബിരുദാനന്തര ബിരുദം (എം.എസ്.ഡബ്ല്യൂ) എം.എ സോഷ്യോളജി തുടങ്ങിയവ) അഭികാമ്യം.
- എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **22..03..2017**

**പ്രധാന തീയതികൾ**

1. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **22.03.2017 വൈകുന്നേരം 5.00 മണി**
2. അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എഴുത്തുപരീക്ഷയ്ക്കും ഇന്റർവ്യൂവിനുമായി ക്ഷണിക്കുന്ന ഉദ്യോഗാർത്ഥികളുടെ വിവരം കുടുംബശ്രീ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി : **24.03.2017 വൈകുന്നേരം 3.00 മണി**
3. എഴുത്തുപരീക്ഷയും ഇന്റർവ്യൂവും : **28.03.2017 രാവിലെ 10.00 മണി മുതൽ**

**(ഇന്റർവ്യൂവിനായി പ്രത്യേകം കത്ത് നൽകുന്നതല്ല)**

കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ**